
2020 ഫെബ്രുവരി • ₹15

# മാതൃഭൂമി ചിത്രകഥ

## ഐതിഹ്യമാല കഥകൾ



ഐതിഹ്യമാലയിലെ
പ്രശസ്തമായ കഥകൾ
ചിത്രകഥാ രൂപത്തിൽ

# മാതൃഭൂമി ചിത്രകഥ

പുസ്തകം 6 • ലക്കം 11 • ഫെബ്രുവരി 2020
• പേജ് 52 • വില ₹15

മാതൃഭൂമി എം.എം. പ്രസ്സ്, ചെറൂട്ടി റോഡ്,
കോഴിക്കോട് - 673001
ഫോൺ: 0495 - 2779 355
Fax: 0495 - 2760138

മാനേജിങ് എഡിറ്റർ: പി.വി. ചന്ദ്രൻ
ജോയിന്റ് മാനേജിങ് എഡിറ്റർ: പി.വി. നിധീഷ്
എക്സിക്യൂട്ടീവ് എഡിറ്റർ- പീരിയോഡിക്കൽസ് & ഡിജിറ്റൽ: ഒ.ആർ. രാമചന്ദ്രൻ
ചീഫ് സബ് എഡിറ്റർ: എം.ആർ. സന്തോഷ് കുമാർ
സബ് എഡിറ്റർമാർ: അഖില പ്രിയദർശിനി
സന്ധ്യ എം., ആർ.എസ്. ധനൂജ്, വി. പ്രവീണ.
സീനിയർ ആർട്ടിസ്റ്റുമാർ: ജോയ് തോമസ്
സി.ജെ. സിബി
ആർട്ടിസ്റ്റുമാർ: ഗിരീഷ് കുമാർ ടി.വി.,
ബാലു വി., ബിജു പി.ആർ.

**Circulation**
Vipin Das
Asst. General Manager - Circulation
Mathrubhumi
K P Kesava Menon Road
Kozhikode-673 001
Phone: 0495-2362 546
Email: vipindas@mpp.co.in

**Advertisement**
Sunil Nambiar
Dy. General Manager
Advertisement (Periodicals)
Mathrubhumi
K P Kesava Menon Road
Kozhikode-673 001.
Phone: 0495-2362 577
Mobile: 9526037773
Email: periodicalsadvt@mpp.co.in

**Subscription**
To subscribe Chithrakatha
**In India:** For 6 months: ₹90
For 12 months ₹ 180 (Special Offer: 141)
**Abroad:** By air mail: 6 months: ₹576
For 12 months: ₹1152
(തപാൽകോപികൾക്കൊപ്പം സമ്മാനങ്ങൾ ലഭിക്കില്ല)

MO/DD can be taken in the name of Mathrubhumi payable at Calicut and to be sent to the AGM-Circulation in the above mentioned address

**Online Subscription:**
www.mathrubhumi.com/subscription
Email: subscription@mpp.co.in



Disclaimer: Every effort is made to provide accurate and up-to-date information. The publishers cannot accept responsibility for any consequences arising from the use of information provided.




**For subscription/circulation enquiries:**
**Call 0495-2362598, 2362650**
**(10 am to 5 pm)**
**except Sundays and public holidays.**




# അദ്ഭുതപ്പെടുത്തുന്ന ഐതിഹ്യകഥകൾ!

**ഐതിഹ്യങ്ങളുടെ നാടുകൂടിയാണ് നമ്മുടെ കൊച്ചുകേരളം. തലമുറകളായി കൈമാറിയ ഐതിഹ്യകഥകളുടെ രസച്ചരടിൽ കോർത്തു കെട്ടിയതാണ് ഓരോ മലയാളിക്കുട്ടിയുടേയും ബാല്യം. പലകാലങ്ങളിലായി പലയിടങ്ങളിൽ പ്രചാരത്തിലിരുന്ന ഐതിഹ്യ കഥകളെ ഐതിഹ്യമാല എന്ന ഗ്രന്ഥത്തിൽ ഒരുമിച്ചു ചേർത്തത് കൊട്ടാരത്തിൽ ശങ്കുണ്ണിയാണ്. ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ത്രസിപ്പിക്കുകയും ചെയ്യുന്ന കഥകളാണ് അവയോരോന്നും. ഐതിഹ്യമാലയിലെ ഏതാനും കഥകൾ അടുത്ത പേജു മുതൽ ചിത്രകഥാ രൂപത്തിൽ വായിച്ചോളൂ.**







# കല്ലന്താറ്റിൽ ഗുരുക്കൾ

സ്ക്രിപ്റ്റ്: ആർ. എസ്. ധനുജ്
വര: ബിജു പി. ആർ.




അങ്ങനെ പന്ത്രണ്ടുകൊല്ലം കഴിഞ്ഞു–
ഇപ്പോൾ എന്ത് തോന്നുന്നു?
ഒരാൾ വന്നാൽ തടുത്തുനിർത്താമെന്ന് തോന്നുന്നുണ്ട് ഗുരോ!
എന്നാൽ രാജാവ് തൃപ്തനായില്ല–
ഇനി പഠിച്ചത് മതിയെന്നാണ് എനിക്ക്...
പോരാ. അഭ്യാസത്തിൽ മെയ് കണ്ണാകണം!
ഒരുദിവസം ബ്രാഹ്മണൻ പതിവ് അഭ്യാസം കഴിഞ്ഞ് എണ്ണ തേച്ച് കുളിക്കാൻപോകുമ്പോൾ–
കുളി കഴിഞ്ഞിട്ടാകാം ബാക്കി!
ശ്... വരുന്നുണ്ട്!
യാ!
ങേ!
കുത്തി വീഴ്ത്ത്!
മതിൽക്കെട്ടിനടുത്ത് എത്തിയതും രണ്ടുവശത്തുനിന്നും മിന്നലാക്രമണം!


ബ്രാഹ്മണൻ ഉടൻ ഒഴിഞ്ഞുമാറി ചാടിരക്ഷപ്പെട്ടു –
ഛെ!
ഹൂയ്യാ!
പിന്നീട് –
ഓ, ഈ കുന്തങ്ങളായിരുന്നു അത്. അവർ ഓടി കളഞ്ഞു!
ആ രണ്ട് കുന്തത്തിന്റെയും അറ്റത്ത് എണ്ണ പറ്റിയിട്ടുണ്ട്?
എന്നിട്ടും ഇവന്റെ ദേഹത്തെ തൊലി മുറിഞ്ഞതുപോലു മില്ലല്ലോ! മിടുക്കൻ!
രാജാവിന് സന്തോഷമായി –
ഹ!ഹ! ഇതാണ് ഞാൻ മെയ് കണ്ണാകണം എന്ന് പറയാറുള്ളതിന്റെ അർത്ഥം. ഞാൻ ഏർപ്പാടുചെയ്ത വരായിരുന്നു അവർ!
ങേ!
പക്ഷേ, നീയത് സാധിച്ചു. ഇനി അഭ്യാസം മതിയാക്കാം!
എല്ലാം അവിടുത്തെ കൃപ!
അഭ്യാസവിദ്യകളെല്ലാം വശത്താക്കിയ ബ്രാഹ്മണൻ ഗുരുവിന്റെ അനുഗ്രഹത്തോടെ യാത്രയായി.


പിന്നീട് കുറച്ചുകാലം അയാൾ ആയോധനവിദ്യ അഭ്യസിപ്പിച്ചുകൊണ്ട് പല ദേശങ്ങളിൽ കഴിഞ്ഞു–
ആഞ്ഞുവെട്ട്!
ക്ഠിൻ
അക്കാലത്ത് തിരുവിതാംകൂർ ഭരിച്ചിരുന്നത് മാർത്താണ്ഡവർമ മഹാരാജാവായിരുന്നു. അദ്ദേഹം തന്റെ അനന്തരവനായിരുന്ന രാമവർമയെ ആയുധവിദ്യ പഠിപ്പിക്കാനായി നല്ല ഗുരുവിനെ തേടുന്ന സമയമായിരുന്നു അത്–
വടക്കുനിന്ന് അനേകം അഭ്യാസികളെ വരുത്തി പരീക്ഷിച്ചിട്ടും നമുക്ക് ബോധിക്കുന്നില്ലല്ലോ!
തിരുമനസ്സേ, കോലത്തുനാട്ടുകാരനായ ഒരു ബ്രാഹ്മണൻ ആയുധവിദ്യ പഠിപ്പിക്കുന്നുണ്ട്. തികഞ്ഞ അഭ്യാസിയാണെന്നാണ് കേൾവി!
ഓഹോ! എങ്കിൽ അദ്ദേഹത്തോട് നമ്മെ വന്ന് മുഖംകാണിക്കാൻ പറയൂ!
ഉത്തരവ്!
വലിയ അഭ്യാസിയാണെങ്കിൽ ഒന്ന് പരീക്ഷിച്ചിട്ടുതന്നെ കാര്യം!


സേവകന്മാർ ബ്രാഹ്മണനെ ചെന്നുകണ്ട് മഹാരാജാവിന്റെ കല്പന അറിയിച്ചു–
നാളെ പകൽ പന്ത്രണ്ടുമണിക്ക് തിരുമനസ്സിനെ ചെന്ന് കാണാനാണ് കല്പന!
ശരി, കല്പനപോലെ ഞാൻ എത്തിച്ചേരുന്നതാണെന്ന് അറിയിക്കൂ!
പിറ്റേന്ന്–
തിരുമനസ്സേ, അവിടുന്ന് കല്പിച്ചതു പോലെ കോട്ടവാതിലുകളെല്ലാം അടച്ചിട്ടുണ്ട്!
നല്ലത്!
മാത്രമല്ല, കോട്ടയ്ക്കകത്തെ എല്ലാ സ്ഥലത്തും മൂർച്ചയുള്ള കുന്തങ്ങൾ നാട്ടുകയും ചെയ്തു!
കൊള്ളാം... ആ അഭ്യാസി അകത്തു കടക്കുന്നതൊന്ന് കാണട്ടെ!
അല്പനേരം കഴിഞ്ഞ്–
ങ്ഹേ, കൊട്ടാരത്തിലേക്കുള്ള വാതിലുകളെല്ലാം അടച്ചിരിക്കുകയാണല്ലോ!
ഓഹോ, ഇത് എന്നെ പരീക്ഷിക്കാൻ തന്നെ!


അടുത്തനിമിഷം അയാൾ അരയും തലയും മുറുക്കി. വാളും പരിചയുമെടുത്ത് താണുനിന്നു–
ഇനി ചാടിക്കടക്കുക തന്നെ!
പിന്നീട് ചുവടുകൾ വെച്ച് ഉയർന്ന് കോട്ടമതിലിന്റെ മീതെ അകത്തേക്ക് ചാടി–
ഹുയ്യാ!
എന്നാൽ–
ങേ, കുന്തങ്ങൾ! കാലുകുത്താൻ ഇടമില്ലല്ലോ!


ബുദ്ധിശാലിയായ ബ്രാഹ്മണൻ നിമിഷങ്ങൾക്കകം തന്റെ കൈയിലുണ്ടായിരുന്ന പരിച മലർത്തിപ്പിടിച്ച് കാലുകൾ അതിൽ അമർത്തി–
ഹ!ഹ! എന്നോടാ കളി!
ക്ലാങ്!
അടുത്ത നിമിഷത്തിൽ പിന്നോട്ടുചാടി കോട്ടമതിലിനു പുറത്തുവന്ന് നിൽക്കുകയും ചെയ്തു.
ഹൊ, ഭയങ്കരം തന്നെ!
യാ!
അതേയതെ!
തിരുമനസ്സിനോട് ഞാൻ ഇവിടെ വന്നിരുന്നുവെന്നും കോട്ടവാതിൽ അടച്ചിരുന്നതിനാൽ അകത്തുകടക്കാൻ നിവൃത്തിയില്ലാതെ മടങ്ങിയെന്നും അറിയിക്കണം!
പുറത്ത് മഹാരാജാവിന്റെ സേവകരെ അയാൾ കണ്ടു–
എന്നാൽ ഇതെല്ലാം കണ്ടുകൊണ്ട് മാർത്താണ്ഡവർമ മഹാരാജാവ് മട്ടുപ്പാവിൽ നിൽപ്പുണ്ടായിരുന്നു–
ഇദ്ദേഹം തികഞ്ഞ അഭ്യാസി തന്നെ. എന്താ മെയ്‌വഴക്കം!


സന്തുഷ്ടനായ മഹാരാജാവ് കോട്ടവാതിൽ തുറന്ന് ബ്രാഹ്മണനെ തിരികെ വിളിച്ചു–
വരണം... നമ്മുടെ അനന്തരവന് പറ്റിയ ഗുരു അങ്ങു തന്നെ!
പ്രണാമം തിരുമനസ്സേ!
കോലത്തുനാട്ടിൽ എവിടെയാണ് അങ്ങയുടെ ഭവനം?
കല്ലന്താറ്റിൽ എന്നാണ് തറവാട്ടുപേര്!
രാജഗുരുവായ താങ്കൾ ഇനി എല്ലാവർക്കും ഗുരുക്കളാണ്. ഇതാ, ഇത് സ്വീകരിച്ചാലും!
വളരെ നന്ദി!
പിന്നീടുള്ള കാലം അദ്ദേഹം കല്ലന്താറ്റിൽ ഗുരുക്കൾ എന്നപേരിൽ പ്രശസ്തനായി. തിരുവിതാംകൂർ കൊട്ടാരത്തിലെ ഗുരുക്കളായ അദ്ദേഹം രാമവർമ മഹാരാജാവിനെ വലിയ യോദ്ധാവാക്കിമാറ്റുകയും അനേകം ശിഷ്യസമ്പത്ത് നേടുകയും ചെയ്തു.
കണ്ണിൽ എന്തെങ്കിലും കൊള്ളാൻതുടങ്ങുമ്പോൾ പെട്ടെന്ന് കണ്ണടയും. ആ സ്വാധീനം അഭ്യാസിയുടെ ശരീരത്തിനും വേണം. മെയ്യ് കണ്ണാകണം. ഉം... പയറ്റു!
ശരി ഗുരോ!
കല്ലന്താറ്റിൽഗുരുക്കളുടെ ശിഷ്യന്മാരും പിന്നീട് പേരുകേട്ട അഭ്യാസികളായിത്തീർന്നു.


# പാതായിക്കര നമ്പൂതിരിമാര്‍




ഒരുദിവസം നമ്പൂതിരിമാർ പുറത്തേക്ക് ഇറങ്ങുമ്പോൾ–
ഉം... ഈ ആട്ടുകല്ലുകൊണ്ടൊരു സൂത്രമുണ്ട്!
ഇതെടുത്ത് ഉത്തരത്തിൽ വെക്കാം!
നാലാൾ പിടിച്ചാൽ പൊങ്ങാത്ത വലുപ്പവും കനവും ആ ആട്ടുകല്ലിന് ഉണ്ടായിരുന്നു–
ജ്യേഷ്ഠാ, ആട്ടുകല്ല് എന്തിനാണ് ഉത്തരത്തിൽ എടുത്തുവെച്ചത്? ഇന്ന് ജ്യേഷ്ഠത്തി അരി അരയ്ക്കാൻ കുഴങ്ങുമല്ലോ!
ഹ! ഹ! അവൾ ഇരുപത്തിനാലര ഇടങ്ങഴി അരിയുടെ ചോറുണ്ണ കേമിയല്ലേ? ഇതെടുത്ത് താഴെ വെക്കുമോ എന്ന് നോക്കട്ടെ!
നമ്പൂതിരിമാർ തിരികെ വന്നപ്പോൾ–
നോക്കൂ, ആട്ടുകല്ല് അവിടെ തന്നെയുണ്ട്!
ഹ! ഹ! കണ്ടില്ലേ, അവൾ തോറ്റു!
പക്ഷേ, ഇന്ന് കറുത്തവാവല്ലേ? വൈകുന്നേരം പലഹാരമല്ലേ പതിവ്? അരി അരയ്ക്കാതെ എന്തുചെയ്യും?
നമുക്കെന്തായാലും കൈ കഴുകി ഇരിക്കാം. വരുന്നത് വരട്ടെ!



ങേ, ദോശയോ? ആട്ടുകല്ലില്ലാതെ എങ്ങനെ ജ്യേഷ്ഠത്തി അരിയരച്ചു?
ശരിതന്നെ. ഇതെങ്ങനെ സാധിച്ചു?
ഞാൻ ആട്ടുകല്ലെടുത്ത് അരിയാട്ടിയശേഷം ഉത്തരത്തിൽ തിരികെ വെച്ചതാണ്!
ഹ! ഹ! ഇവൾ മിടുമിടുക്കി തന്നെ!
ഒരിക്കൽ പാതായിക്കര നമ്പൂതിരിമാരോട് ബലപരീക്ഷണത്തിനായി കോഴിക്കോട്ടുകാരനായ ഒരു മല്ലൻനമ്പൂതിരി എത്തി-
പാതായിക്കര മന ഇതുതന്നെയല്ലേ?
അതെ, കയറിയിരിക്കൂ. ഇവിടുത്തെ ആളുകൾ ഇപ്പോൾ എത്തും!
അക്കാലത്ത് അന്തർജനങ്ങൾ അന്യർക്കു മുന്നിൽ വരുക പതിവില്ലായിരുന്നു.
ശരി! ശരി! എങ്കിലിന്ന് ഊണ് ഇവിടെയാവാം. ഇത്രടം വന്നിട്ട് അവരെ കാണാതെ മടങ്ങുന്നത് ശരിയല്ലല്ലോ!
ആവട്ടെ. കുളികഴിഞ്ഞ് വന്നോളൂ. ഊണ് വിളമ്പാം!
മറക്കണ്ട, നമുക്ക് നാലിടങ്ങഴി അരിയുടെ ചോറ് നിർബന്ധമാണ്!



മല്ലൻനമ്പൂതിരി ഉണ്ണാനിരുന്നപ്പോൾ–
ങേ, ഇതെന്താ? ഊണിന് കറിയൊന്നുമില്ലേ?
ഇവിടെ ചോറിന് നാളികേരപ്പാല് മാത്രമേ കൂട്ടാറുള്ളൂ. അതാ പതിവ്!
ഈ പൊതിക്കാത്ത നാളികേരംകൊണ്ട് എങ്ങനെ ചോറുണ്ണും?
അത് പിഴിഞ്ഞ് പാലെടുത്താൽമതി. നാളികേരം ഇങ്ങോട്ട് നീക്കിവയ്ക്കൂ. ഞാൻ സഹായിക്കാം!
അന്തർജനം തേങ്ങകളെടുത്ത് പഴമാങ്ങപോലെ പിഴിഞ്ഞ് തേങ്ങാപാൽ ചോറിലൊഴിച്ചു.
ഈശ്വരാ, ഞാനീ കാണുന്നത് സത്യംതന്നെയാണോ?
ശിർർർ



മല്ലൻനമ്പൂതിരി ഒരുവിധത്തിൽ ഊണുകഴിച്ച് സ്ഥലംവിടാനൊരുങ്ങി–
ഏ, അങ്ങ് പോവുകയാണോ? ഇവിടെയുള്ളവർ ഇപ്പോഴെത്തും!
ഇപ്പഴാ നമുക്ക് ഓർമവന്നത്. പോയിട്ട് ശ്ശി ധൃതിയുണ്ട്. പിന്നെ വരാം!
പിന്നീട്–
പാതായിക്കരയിലെ അന്തർജനത്തിന് ഇത്രയ്ക്ക് ശക്തിയുണ്ടെങ്കിൽ നമ്പൂതിരിമാരുടെ ശക്തി ഊഹിക്കാവുന്നതേയുള്ളൂ. അതാ തടി കേടാക്കാതെ നാമിങ്ങ് പോന്നത്!
ഹ! ഹ! താൻ ബുദ്ധിമാൻതന്നെ!
പാതായിക്കര നമ്പൂതിരിമാർക്ക് രാവിലെ ക്ഷേത്രത്തിൽ പോവുന്ന പതിവുണ്ടായിരുന്നു. ഒരുദിവസം ജ്യേഷ്ഠൻനമ്പൂതിരി തൊഴുതുമടങ്ങുമ്പോൾ–
ങേ, ഇടവഴിയിൽ വഴിമുടക്കിക്കൊണ്ട് ആനയുണ്ടല്ലോ?



അടിയൻ!
ആനയെ ഒന്ന് വേഗം കൊണ്ടുപോ. ചെന്നിട്ട് ധിറുതിയുള്ളതാ!


അപ്പോഴാണ് അനുജൻനമ്പൂതിരി എതിരെനിന്ന് വന്നത്. ഇടുങ്ങിയ വഴിയായതുകാരണം ജ്യേഷ്ഠനും അനുജനും തമ്മിൽ കണ്ടിരുന്നില്ല.
ഈശ്വരാ കുഴഞ്ഞു! അനുജൻ നമ്പൂതിരിയതാ മുന്നിൽ!
ഹെയ്, ആനയെ പിന്നാക്കം നടത്തിക്കൊണ്ടുപോ! നമുക്ക് അമ്പലത്തിലെത്തണം!
പാതായിക്കര നമ്പൂതിരിമാർ ആർക്കും വഴിമാറിക്കൊടുക്കാറില്ലായിരുന്നു.


അനുജൻ ആനയുടെ മസ്തകത്തിൽ പിടിച്ച് പുറകോട്ട് തള്ളി. അപ്പോൾ–
ങേ ഇതെന്താ ആന പിന്നിലേക്ക് വരുന്നത്? മുന്നോട്ട് തള്ളിനോക്കാം!
നാം തള്ളിയിട്ടും ആന മുന്നിലേക്ക് വരുന്നല്ലോ. ഇത് നല്ല കൂത്തുതന്നെ!



ജ്യേഷ്ഠനും അനുജനും പെട്ടെന്ന് കാര്യം പിടികിട്ടി–
അവിടെ അനുജനുണ്ടോ മുന്നിൽ?
അതെ ജ്യേഷ്ഠാ. ജ്യേഷ്ഠനാണ് പിന്നിലെന്ന് ഊഹിച്ചു!



എന്നാൽ പിടിച്ചോളൂ അനുജാ...
ഹയ്യോ...
ദേ പിടിച്ചു!



രണ്ടുപേരും ചേർന്ന് ആനയെ മുകളിലേക്ക് ഉയർത്തി പൊക്കത്തിൽ കയറ്റിവെച്ചു. പിന്നീട് വഴിതടസ്സം നീങ്ങിയ അവർ സന്തോഷത്തോടെ നടന്നുപോവുകയും ചെയ്തു.
ഹ! ഹ! അവൻ നന്നായി ഭയന്നുകാണും!
ഇനിയവനെ താഴെയിറക്കാനും നമ്മൾ വരേണ്ടിവരുമോ?
പാതായിക്കര നമ്പൂതിരിമാരുടെ വീരകഥകൾ ഇന്നും നാട്ടിൽ പ്രചരിക്കുന്നുണ്ട്.

# മുഴക്കമംഗലത്ത് നമ്പൂതിരി

സ്ക്രിപ്റ്റ്: പ്രവീണ
വര: ബാലു





എല്ലാ യാഗശാലകളിലേക്കും ആളുകൾ അദ്ദേഹത്തെ ക്ഷണിക്കാൻ തുടങ്ങി–
അങ്ങെത്തിയാൽ മാത്രമേ യാഗം യഥാവിധി നടക്കുകയുള്ളൂ!
ഉം...
അങ്ങനെയിരിക്കെ ഒരു ചടങ്ങുമായി ബന്ധപ്പെട്ട് മംഗലം നമ്പൂരിക്ക് വാഴമാവേലി എന്ന ഇല്ലത്ത് ഒരു വർഷത്തേക്ക് താമസിക്കേണ്ടതായി വന്നു–
ജ്യോതിശ്ശാസ്ത്ര പണ്ഡിതനായ വാഴമാവേലിപ്പോറ്റിയുടെ ഇല്ലം ആണിത്!
ഒരു ദിവസം സന്ധ്യാസമയത്ത്–
മംഗലം നമ്പൂരീ!
ങേ, ആരാ?
വാഴമാവേലിപ്പോറ്റിയുടെ മകനാണ് ഞാൻ. കൃഷ്ണൻ എന്നാണ് പേര്. എനിക്ക് അങ്ങയോട് ഒരു സംശയം ചോദിക്കാനുണ്ട്!
ഉം... ചോദിച്ചോളൂ!


അമാവാസിനാൾ ചന്ദ്രനെ കണ്ടാലുള്ള ഫലമെന്താണ്?
അത്... പിന്നെ...
മംഗലം നമ്പൂരിക്ക് ജ്യോതിശ്ശാസ്ത്ര സംബന്ധമായ കാര്യങ്ങളിൽ അറിവ് കുറവായിരുന്നു–
ഇക്കാര്യത്തിൽ എനിക്ക് ഗ്രാഹ്യം കുറവാണ്. എങ്കിലും മാനത്ത് ഞാനൊന്നു ചന്ദ്രനെ കണ്ടുനോക്കട്ടെ!
ആ അമാവാസിനാൾ ചന്ദ്രനെക്കാണാനായി മാനം നോക്കിനിന്ന മംഗലം നമ്പൂരിയെ ആ ചെറുപ്പക്കാരൻ കളിയാക്കി–
ഹ! ഹ! കറുത്ത വാവ് നാൾ മാനത്ത് ചന്ദ്രനെ തിരഞ്ഞ അങ്ങ് മരമണ്ടൻ തന്നെ!
ഓഹോ, അപ്പോൾ എന്നെ പരിഹസിക്കാനായി കരുതിക്കൂട്ടി ചോദിച്ച ചോദ്യമായിരുന്നു അല്ലേ?
ജ്യോതിശ്ശാസ്ത്രത്തിലുള്ള തന്റെ അജ്ഞതയും ആ യുവാവിന്റെ പരിഹാസവും നമ്പൂരിയെ ഏറെ വിഷമിപ്പിച്ചു–
വാഴമാവേലിപ്പോറ്റിയിൽ നിന്ന് ജ്യോതിശ്ശാസ്ത്രം പഠിക്കുക തന്നെ!
അങ്ങനെ മംഗലം നമ്പൂരി വാഴമാവേലിപ്പോറ്റിയുടെ ശിഷ്യനായി–
അങ്ങ് വളരെ വേഗത്തിൽ കാര്യങ്ങൾ പഠിക്കുന്നുണ്ട്!
അറിവു നേടുന്നതാണ് എന്റെ ഏറ്റവും വലിയ സന്തോഷം!


വാഴമാവേലിപ്പോറ്റിയുടെ മകനായ കൃഷ്ണൻ ഒരു ജ്യോതിശ്ശാസ്ത്ര പണ്ഡിതനായിരുന്നു–
പോറ്റിയിൽനിന്ന് അറിവുനേടി ആ അഹങ്കാരിയായ ചെറുപ്പക്കാരനെ ഒരു പാഠം പഠിപ്പിക്കണം!
ആ വാശിയിൽ മംഗലം നമ്പൂരി ജ്യോതിശ്ശാസ്ത്രവുമായി ബന്ധപ്പെട്ട എല്ലാ അറിവുകളും നേടിയെടുത്തു–
ജ്യോതിശ്ശാസ്ത്രത്തിൽ അങ്ങയോളംഅറിവുള്ളവരാരുംതന്നെയില്ല!
ഈ നല്ല വാക്കിനു നന്ദി!
പോറ്റിയുടെ മകന് പക്ഷേ, ഭയം തോന്നിത്തുടങ്ങി. അയാൾ എല്ലാ കാര്യവും അച്ഛനോട് തുറന്നു പറഞ്ഞു–
എന്റെ പരിഹാസത്തിന് അദ്ദേഹം പകരം വീട്ടും എനിക്കുറപ്പാണ്!
അദ്ദേഹത്തിന്റെ കോപം അടക്കാൻ വല്ല വഴിയും ഉണ്ടോയെന്ന് നോക്കട്ടെ!
അങ്ങനെയിരിക്കെ–
വാഴമാവേലി ഇല്ലത്തുനിന്ന് മടങ്ങാനുള്ള സമയമായി. പോകും മുൻപ് പോറ്റിക്ക് ഗുരുദക്ഷിണ നൽകണം!
യാത്ര പറയാനായി മംഗലം നമ്പൂരി വാഴമാവേലിപ്പോറ്റിയുടെ അടുത്തെത്തി–
ഗുരുദക്ഷിണയായി അങ്ങേക്ക് എന്താണ് വേണ്ടത്...
അത്... പിന്നെ...
ആലോചിച്ചുറപ്പിച്ച് വാഴമാവേലിപ്പോറ്റി ഒരു മറുപടി പറഞ്ഞു–
എന്റെ മകനെ അങ്ങ് യാതൊരു തരത്തിലും അപമാനിക്കില്ലെന്ന് ഉറപ്പു തരണം... അതാണ് എനിക്കുള്ള ഗുരുദക്ഷിണ!
അത് സാധ്യമല്ല!



എന്നെ പരിഹസിച്ചതിന് ആ ചെറുക്കാരന് മറുപടി കൊടുക്കാൻവേണ്ടി കൂടിയാണ് ജ്യോതി ശാസ്ത്രം പഠിച്ചെടുത്തത്!
അറിവ് ആരെയും ദ്രോഹിക്കാനുള്ള ആയുധമാകരുത്!
അങ്ങനെയെങ്കിൽ അങ്ങയുടെ മകൻ ആളുകളെ ദ്രോഹിക്കുന്നതോ?
എന്ത്... എന്റെ മകൻ ആരെ ദ്രോഹിച്ചെന്നാണ്?
അങ്ങയുടെ മകൻ ഗണിച്ചുണ്ടാക്കിയ പഞ്ചാംഗം ശുദ്ധ അസംബന്ധമാണ്. അത് വിശ്വസിക്കുന്ന ജനങ്ങളെ അയാൾ ദ്രോഹിക്കുകയല്ലേ ചെയ്യുന്നത്?
ഇല്ല. പണ്ഡിതനായ എന്റെ മകൻ ഗണിച്ചെടുത്ത പഞ്ചാംഗം കിറുകൃത്യമാണ്!
ആ പഞ്ചാംഗത്തിൽ അബദ്ധമുണ്ട്!
എന്ത് അബദ്ധം?
പഞ്ചാംഗത്തിൽ അങ്ങയുടെ മകൻ നിശ്ചയിച്ചുവെച്ച മുഹൂർത്ത സമയങ്ങളിൽ ഇടിമുഴക്കം ഉണ്ടാകും!
ഒരിക്കലുമില്ല!



അവനോടുള്ള അനിഷ്ടം കാരണം അങ്ങ് നുണ പറയുകയാണ്!
ശാസ്ത്രത്തെ കബളിപ്പിക്കാനാകില്ല! ഞാൻ നുണ പറയാറുമില്ല പോറ്റീ!
അങ്ങ് പറഞ്ഞതിൽ സത്യമുണ്ടെങ്കിൽ അത് തെളിയിക്കാൻ ഞാനങ്ങയെ വെല്ലുവിളിക്കുന്നു!
ശരി, വെല്ലുവിളി ഞാൻ സ്വീകരിച്ചിരിക്കുന്നു!
എന്റെ മകന്റെ മുഹൂർത്തച്ചാർത്തനുസരിച്ച് ചടങ്ങ് നടക്കുന്ന ഏതെങ്കിലും സ്ഥലത്തേക്ക് നമുക്ക് പോകാം!
അങ്ങനെയാവട്ടെ!
അങ്ങനെ അവർ വിവാഹം നടക്കുന്നിടത്തെത്തി. അത് വേനൽക്കാലമായിരുന്നു. മഴയുടെയോ ഇടിയുടെയോ യാതൊരു മുന്നറിയിപ്പും പ്രകൃതിയിൽ ഉണ്ടായിരുന്നില്ല–
മുഹൂർത്തത്തിന് സമയമായി. അല്പനേരം കാത്തിരിക്കൂ!
മംഗലം നമ്പൂരി, അങ്ങ് തെറ്റ് സമ്മതിക്കാൻ തയ്യാറായിക്കോളൂ!


മുഴക്കമംഗലത്ത് നമ്പൂതിരി
എന്തായാലും നമ്പൂരിയുടെ വാക്കുകൾ സത്യമായി. മുഹൂർത്ത സമയത്ത് അതിഭയങ്കരമായി ഇടിമുഴങ്ങി–
ഠർർ
ഈ മുഹൂർത്തം ഏത് അറിവില്ലാത്തവനാണ് ഗണിച്ചത്?
ങേ, ഇടി മുഴങ്ങുന്നത് കേട്ടില്ലേ?
ഇടിമുഴക്കം മുൻകൂട്ടി മനസ്സിലാക്കിയ മംഗലം നമ്പൂരിയെ എല്ലാവരും മുഴക്കമംഗലം നമ്പൂരി എന്ന് വിളിക്കാൻ തുടങ്ങി–
മുഴക്കമംഗലത്തിന്റെ ജ്ഞാനദൃഷ്ടി അപാരം തന്നെ!
എല്ലാവരും പോറ്റിയുടെ മകനെ അബദ്ധ പഞ്ചാംഗക്കാരൻ എന്ന് കളിയാക്കി വിളിച്ചു–
ഹ! ഹ! ദേ പോകുന്നു അബദ്ധ പഞ്ചാംഗക്കാരൻ!
വാഴമാവേലിപ്പോറ്റി തന്റെ മകൻ ഗണിച്ചുണ്ടാക്കിയ നൂറുവർഷത്തേക്കുള്ള പഞ്ചാംഗം ചുട്ടുകളഞ്ഞു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മുഴക്കമംഗലം നമ്പൂരി ആയിരം വർഷത്തേക്കുള്ള കൃത്യമായ പഞ്ചാംഗം ഗണിച്ചുണ്ടാക്കിയെന്നാണ് ഐതിഹ്യം.
ജ്യോതിശ്ശാസ്ത്രം കണിശതയുള്ളതാണ്!
ഇക്കാര്യത്തിൽ അങ്ങയുടെ അറിവ് അപാരം തന്നെ!


# കോടൻഭരണിയിലെ ഉപ്പുമാങ്ങ


സ്ക്രിപ്റ്റ് സന്ധ്യ
വര ബിജു പി. ആർ.




ദരിദ്രനായ ഒരു ഭട്ടതിരിയും അയാളുടെ അന്തർജനവും
അഞ്ച് കുട്ടികളുമായിരുന്നു ആ ഇല്ലത്ത് ഉണ്ടായിരുന്നത്-
ഈ കഞ്ഞി എല്ലാവർക്കും തികയുമോ എന്തോ?
ആരുമില്ലേ?
ആരോ വിളിക്കുന്നുണ്ടല്ലോ. നോക്കിയിട്ടു വരാം!
ഭട്ടതിരി പുറത്തേക്ക് വന്നു-
കപ്പൽ തകർന്ന് ഇവിടെ എത്തിപ്പെട്ടതാണ് ഞാൻ. കഴിക്കാൻ വല്ലതും കിട്ടുമോ?
ഭട്ടതിരി ആകെ ഉണ്ടായിരുന്ന കഞ്ഞി അയാൾക്ക് നൽകി.
ഹോ, എന്തു രുചികരം. ഈ ഉപകാരത്തിന് ദൈവം നിങ്ങളെ സഹായിക്കും!


അയാൾ പോകും മുൻപ് ഒരുകാര്യംകൂടി ആവശ്യപ്പെട്ടു–
ഈ പത്ത് ചീനഭരണികൾ കൂടി ഇവിടെ സൂക്ഷിക്കണം!
വിലപിടിപ്പുള്ള വല്ലതുമാണെങ്കിൽ ഇവിടെ സൂക്ഷിക്കുന്നത് അപകടമാണ്!
ഏയ്... അതിനകത്ത് തുവരപ്പരിപ്പാ. അപകടമൊന്നുമില്ല!
എങ്കിൽ സമ്മതം!
പത്ത് ഭരണികളും അവിടെ ഏല്പിച്ച് കച്ചവടക്കാരൻ മടങ്ങി. നാളുകൾ കഴിഞ്ഞു. ഭട്ടതിരിയും കുടുംബവും വിശന്നുതളർന്ന ഒരു പകൽ–
കുട്ടികൾ വിശന്ന് കരയുന്നു. നമുക്ക് ആ ഭരണിയിലെ തുവരപ്പരിപ്പ് എടുത്താലോ?
അത് ശരിയല്ലല്ലോ! അയാൾ സൂക്ഷിക്കാനേൽപ്പിച്ചതല്ലേ!


മക്കളുടെ വിശപ്പ് കണ്ടില്ലെന്ന് നടിക്കുന്നതെങ്ങനെ? നമുക്ക് അയാൾ വരുമ്പോഴേക്കും വീണ്ടും പരിപ്പ് നിറയ്ക്കാം!
അത്...
മനസ്സില്ലാമനസ്സോടെ ഭട്ടതിരി സമ്മതിച്ചു. എന്നാൽ ഭരണി തുറന്ന ഭട്ടതിരി കണ്ടത്–
നോക്കൂ ഇതിൽ മുകളിൽ മാത്രമേ പരിപ്പുള്ളൂ! ബാക്കിയെല്ലാം സ്വർണ്ണ നാണയങ്ങളാ!
സ്വർണ്ണനാണയങ്ങളോ?
ഇതിൽ ഒരെണ്ണം തൽക്കാലം എടുക്കാം!
ഭട്ടതിരി ഒരു സ്വർണ്ണനാണയമെടുത്ത് അരിയും മറ്റ് ധാന്യങ്ങളും പച്ചക്കറികളുമൊക്കെ വാങ്ങി–
ഹാവൂ, ഇന്നെങ്കിലും കുട്ടികൾക്ക് വയറുനിറയെ ആഹാരം കൊടുക്കാമല്ലോ!



ഭക്ഷണം കഴിഞ്ഞപ്പോൾ ഭട്ടതിരിക്കുതോന്നി–
എന്തായാലും ചെയ്തതു തെറ്റാണ്. എങ്കിൽ കഷ്ടപ്പാടിന് മുഴുവൻ അറുതി വരുത്തിയേക്കാം!
ഒന്നു തെളിച്ചു പറ!
ഭട്ടതിരി ബാക്കി സ്വർണ്ണനാണയങ്ങളെടുത്ത് പൊളിഞ്ഞു വീഴാറായ ഇല്ലം നേരെയാക്കി. പാത്രങ്ങളും സാമാനങ്ങളും വാങ്ങി.
ഇനി കച്ചവടം ചെയ്ത് ഭരണി പഴയതു പോലെ നിറച്ചു വെക്കണം!
നല്ലവനായ ഭട്ടതിരി കച്ചവടംചെയ്ത് പണം ഇരട്ടിയാക്കി. ഭരണികൾ വീണ്ടുംനിറച്ചു.
പന്ത്രണ്ടു വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം–
അമ്പോ... ഇവിടെ ഒരു ഇല്ലമുണ്ടായിരുന്നല്ലോ?
അതാണ് ആ കാണുന്നത്. ഭട്ടതിരിക്ക് നിധി കിട്ടി!


ഭട്ടതിരിക്ക് നിധികിട്ടിയെന്ന് കേട്ട് പഴയ കച്ചവടക്കാരന് കാര്യം പിടികിട്ടി. അയാൾ ഭട്ടതിരിക്കടുത്തെത്തി–
നിങ്ങൾ തന്നതാണ് ഈ കാണുന്നതെല്ലാം. പത്ത് ഭരണികളും ഒപ്പം പലിശയായി ചെറിയ ഭരണികളിൽ സ്വർണവും അവിടുന്നെടുക്കണം!
എനിക്ക് എന്റെ പത്ത് ഭരണികൾ മാത്രം മതി. എനിക്ക് ഒരുനഷ്ടവും ഉണ്ടായിട്ടില്ലല്ലോ!
ഭട്ടതിരിയുടെ സത്യസന്ധതയും സത്സ്വഭാവവും അയാളെ ആകർഷിച്ചു.
ഇതാ ഈ ഭരണികളിലൊന്ന് അവിടുന്നെടുത്തോളൂ. ഇതാണ് കോടൻ ഭരണി!
ഈ കോടൻ ഭരണി ഉള്ളിടത്ത് ദാരിദ്ര്യം ഉണ്ടാവില്ല. പോരാത്തതിന് മാങ്ങ ഉപ്പിലിട്ടാൽ അസാധ്യ രുചിയുമുണ്ടാകും!
ഭട്ടതിരിയെ ചെറിയ ഭരണികൾ തിരിച്ചേൽപ്പിച്ച് തന്റെ ഒരു കോടൻ ഭരണി നൽകി കച്ചവടക്കാരൻ യാത്രപറഞ്ഞുപോയി. പിന്നീട്–
ഹോ, ഈ ഉപ്പുമാങ്ങയ്ക്ക് എന്തൊരു രുചി!
കോടൻ ഭരണിയിൽ ഉപ്പിലിട്ടതല്ലേ. രുചി കൂടും!
ആണ്ടുതോറും അവർ കോടൻ ഭരണിയിൽ മാങ്ങ ഉപ്പിലിട്ടു. അതിന്റെ പ്രസിദ്ധി ഇന്നും നിലനിൽക്കുന്നു.

# പാമ്പുമേക്കാട് നമ്പൂതിരി

സ്ക്രിപ്റ്റ്: ഹർഷ
വര: എ. എൻ. ചന്ദ്രൻ




ഭജന പന്ത്രണ്ടുകൊല്ലം തികയുന്ന നാൾ അടുത്തുവന്നു. ഒരുദിവസം നമ്പൂതിരി അത്താഴപൂജ കഴിഞ്ഞ് വെള്ളമെടുക്കാനായി തീർഥക്കുളത്തിനടുത്തെത്തി.
ഭഗവാനേ, പരമേശ്വരാ! അടിയനെ കാത്തോളണേ!
കടവിൽ തേജസ്വിയായ ഒരു യുവാവിനെ നമ്പൂതിരി കണ്ടു–
ഏ, ആരാണത്?
ആളറിഞ്ഞിട്ട് മേക്കാടിനെന്തു വേണം?
ഇദ്ദേഹം ഒരു സാധാരണവ്യക്തിയല്ല. ആരായിരിക്കും ഈ ദിവ്യപുരുഷൻ?
മേക്കാട്, വെള്ളമെടുത്ത് മടങ്ങിപ്പൊയ്ക്കോളൂ!


അപ്പോഴാണ് തേജോമയനായ യുവാവിന്റെ കൈയിലുള്ള തീക്കട്ടപോലെ തിളങ്ങുന്ന വസ്തു മേക്കാട് നമ്പൂതിരിയുടെ ശ്രദ്ധയിൽപ്പെട്ടത്.
ആ കൈയിലിരിക്കുന്നതെന്താണ്?
മേക്കാട് മാണിക്യക്കല്ല് കണ്ടിട്ടുണ്ടോ?
ഇല്ല!
മടക്കിത്തരാമെന്നുറപ്പുണ്ടെങ്കിൽ നോക്കിക്കോളൂ!
നമ്പൂതിരി മടക്കിത്തരാമെന്നുറപ്പു നൽകി മാണിക്യക്കല്ല് വാങ്ങിനോക്കി.
ഹോ! എന്തൊരു പ്രകാശം! വലിയ തമ്പുരാനെക്കൂടി കാണിക്കണമായിരുന്നു!
വിരോധമില്ലെങ്കിൽ ഞാനിത് ഒരാളെക്കൂടി കാണിച്ചുകൊടുക്കട്ടെ?
വേഗത്തിൽ വരാമെങ്കിൽ കൊണ്ടുപൊയ്ക്കോളൂ. എനിക്കിവിടെ അധികസമയം നിൽക്കാൻ കഴിയില്ല!
നമ്പൂതിരി കൊടുങ്ങല്ലൂർ തമ്പുരാനടുത്ത് മാണിക്യക്കല്ലുമായി എത്തി.
ആഹാ, എന്തൊരു ശോഭ! നാം ഇതിന് എത്ര വില വേണമെങ്കിലും തരാം. ഇതെനിക്ക് തരാമോ?
അയ്യോ, അത് സാധ്യമല്ല! ഞാനിത് മടക്കിക്കൊടുക്കാമെന്ന് ആ യുവാവിന് വാക്കുനൽകിയതാണ്. അങ്ങ് അത് തിരിച്ചുതരൂ. അടിയന് എത്രയുംവേഗം മടങ്ങണം!


തമ്പുരാൻ മനസ്സില്ലാമനസ്സോടെ മാണിക്യക്കല്ല് തിരികെ കൊടുത്തു. മേക്കാട് നമ്പൂതിരി അത് കൊണ്ടുപോയി യുവാവിന് നൽകി. ഉടനെ അയാൾ അദൃശ്യനായി.
എന്തൊരദ്ഭുതമാണിത്!
ആരായിരിക്കും ആ തേജോമയനായ യുവാവ്!
അന്നുരാത്രിയിൽ നമ്പൂതിരിക്ക് കിടന്നിട്ടുറക്കം വന്നില്ല–
ആ യുവാവ് യഥാർഥത്തിൽ ആരായിരിക്കും?
നിർബന്ധിച്ച് ചോദിച്ചാൽ പറയുമായിരുന്നു!
ഇനിയിപ്പോൾ ഇതൊക്കെ ഓർത്തിട്ടെന്ത് പ്രയോജനം? ഉറങ്ങാൻ നോക്കാം!
എന്നാൽ പലവിധ ചിന്തകളുമായി കിടന്ന നമ്പൂതിരിയുടെ ഉറക്കം ശരിയായില്ല. നേരത്തേ ഉറക്കമുണർന്ന നമ്പൂതിരി, ഏഴര വെളുപ്പായെന്ന് കരുതി കുളിക്കാൻ പുറപ്പെട്ടു. കുളക്കടവിലെത്തിയ നമ്പൂതിരി വീണ്ടും ഒരു തേജോമയമായ രൂപം കണ്ടു.
ആരാണത്?
അറിഞ്ഞിട്ടെന്തു വേണം?


നമ്പൂതിരി യുവാവിനെ സാഷ്ടാംഗം നമസ്കരിച്ചുകൊണ്ട് പറഞ്ഞു –
അങ്ങ് സാധാരണക്കാരനല്ല! ദയവുചെയ്ത് അങ്ങാരാണെന്ന് അടിയനോട് പറഞ്ഞാലും!
ഞാൻ സർപ്പരാജാവായ വാസുകിയാണ്!
അങ്ങയുടെ യഥാർഥരൂപം കാണിച്ചുതരാൻ ദയവുണ്ടാകണം!
വേണ്ട! താങ്കൾ ഭയപ്പെടും!
എന്നാൽ നമ്പൂതിരി തന്റെ ആവശ്യത്തിൽ ഉറച്ചുനിന്നു. ഒടുവിൽ വാസുകി തന്റെ ശരിയായരൂപം നമ്പൂതിരിക്ക് കാണിച്ചുകൊടുത്തു. ഇതുകണ്ട നമ്പൂതിരിക്ക് ബോധക്ഷയം സംഭവിച്ചു.
ഭഗവാനേ...!
അല്പസമയത്തിനകം നമ്പൂതിരിക്ക് ബോധം തിരിച്ചുകിട്ടി. വാസുകി തേജോമയനായ യുവാവായി നമ്പൂതിരിക്ക് അടുത്തു തന്നെ ഉണ്ടായിരുന്നു.
മേക്കാടിന് എന്തെങ്കിലും വരം ആവശ്യമുണ്ടോ?
അവിടുത്തെ സാന്നിധ്യം എന്നും എന്റെ ഇല്ലത്തുണ്ടാകണം!
മേക്കാടിന്റെ ഭജനം പന്ത്രണ്ടു കൊല്ലം തികയാൻ മൂന്നുദിവസം മതിയല്ലോ. അതുകഴിഞ്ഞ് ഇല്ലത്തേക്ക് പൊയ്ക്കോളൂ. ഞാനങ്ങെത്തിക്കോളാം!
അടിയന് സന്തോഷമായി!


നമ്പൂതിരി പന്ത്രണ്ടുവർഷം നീണ്ടുനിന്ന ഭജനം കഴിഞ്ഞ് ഇല്ലത്തെത്തി. തന്റെ ഓലക്കുട കിഴക്കിനിയിൽവെച്ച് ദേഹശുദ്ധി വരുത്താൻ പോയി. മടങ്ങിയെത്തിയപ്പോൾ കുടമേലൊരു പാമ്പിനെ കണ്ട് ഭയപ്പെട്ടു. എന്നാൽ–
മേക്കാട് ഭയപ്പെടേണ്ട. ഇത് ഞാനാണ്, വാസുകി! താങ്കളുടെ ഭക്തിയിൽ സാക്ഷാൽ പരമശിവനും സന്തുഷ്ടനായിരിക്കുന്നു. അദ്ദേഹത്തിന്റെകൂടി ആഗ്രഹപ്രകാരമാണ് ഞാനിവിടെ എത്തിയിരിക്കുന്നത്!
ഭഗവാനേ!


ഈ മാണിക്യക്കല്ല് ഇവിടെ സൂക്ഷിക്കുക. ഇത് വയ്ക്കുന്നിടത്ത് ദാരിദ്ര്യദുഃഖം ബാധിക്കുകയില്ല!
വൈകാതെ ഇവിടെ ഒരു നാഗയക്ഷിയും വന്നുചേരും!
അടിയൻ!



ഈ സമയത്ത് ഇല്ലത്തെ മൂത്ത അന്തർജനം സ്വഗൃഹത്തിൽപോയി മടങ്ങി വീട്ടിലെത്തി. തന്റെ കൈയിലെ മറക്കുട താഴെവച്ചപ്പോൾ–
അയ്യോ, പാമ്പ്!


ആ പാമ്പ് ഇഴഞ്ഞ് കിഴക്കിനിയിൽ എത്തി, നാഗയക്ഷിയായി മാറി.
ഞങ്ങളെ രണ്ടുപേരെയും ഈ കിഴക്കിനിയിൽ പ്രതിഷ്ഠിച്ച് പൂജിക്കണം!
ശരി പ്രഭോ!
മറ്റനേകം പാമ്പുകളും ഇവിടെ എത്തിച്ചേരും. ഭയപ്പെടേണ്ടതില്ല. ആരും നിങ്ങളെ ഉപദ്രവിക്കില്ല. ഇനിമുതൽ ഇവിടം പാമ്പുമേക്കാടെന്നറിയപ്പെടും. ഇവിടെയുള്ള ആർക്കും സർപ്പവിഷം ബാധിക്കില്ല!
ഇവിടെ അടുക്കളയിൽ അല്ലാതെ മറ്റെങ്ങും തീ കത്തിക്കരുത്. മുറ്റത്തും പറമ്പിലും വെട്ടുകയും കിളയ്ക്കുകയും അരുത്! കിഴക്കിനിയിൽ കെടാവിളക്ക് തെളിയിക്കണം!
അതിലെ എണ്ണ ഭക്തർക്ക് സർപ്പകോപംമൂലമുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിവിധിയായി നൽകണം!
എല്ലാം അവിടുത്തെ കല്പന പോലെ!
സർപ്പകോപത്തിന് നിങ്ങൾക്ക് പ്രതിവിധി ചെയ്യാം! ഞാനിപ്പറഞ്ഞതൊക്കെ വരുംതലമുറയ്ക്കും ഉപദേശിച്ചുകൊടുക്കുക. എല്ലാ അനുഗ്രഹങ്ങളുമുണ്ടാകും!
അടിയൻ!
ഇന്നും പാമ്പുമേക്കാട് ഇല്ലത്ത് ഈ ആചാരങ്ങളും അനുഷ്ഠാനങ്ങളും മുറതെറ്റാതെ നടന്നുവരുന്നു. ഈ ഇല്ലത്തെ സന്തതിപരമ്പരകൾ പാമ്പുമേക്കാട് നമ്പൂതിരിമാർ എന്നറിയപ്പെടുന്നു.

# വിഡ്ഢി, കൂശ്മാണ്ഡം!

സ്ക്രിപ്റ്റ്: വിഷ്ണു ടി.
വര: നന്ദകുമാർ




സന്തോഷത്തോടെ വീട്ടിലെത്തിയ കൊച്ചുരാമൻ ചിന്തിച്ചു-
എന്താണ് ദക്ഷിണയായിട്ട് കൊടുക്കുക?
അപ്പോഴാണ് വീടിന് മുകളിൽ പടർന്നു നിൽക്കുന്ന കുമ്പളങ്ങ അവൻ കണ്ടത്-
ദക്ഷിണയായിട്ട് ഗുരുവിന് കുമ്പളങ്ങ കൊടുത്തേക്കാം!
പിറ്റേന്ന് വെളുപ്പാൻകാലത്ത് കൊച്ചുരാമൻ കുമ്പളങ്ങയുമായി വൈദ്യരുടെ വീട്ടിലെത്തി-
എന്നെയും വിഷവൈദ്യം പഠിപ്പിക്കണം വൈദ്യരേ...
അയിന് വിഡ്ഢീ! കൂശ്മാണ്ഡം എന്തിനാണ്?
പരിഭ്രമിച്ച് നിന്നിരുന്ന കൊച്ചുരാമൻ 'വിഡ്ഢി കൂശ്മാണ്ഡം' എന്നുമാത്രമേ കേട്ടുള്ളൂ-
മന്ത്രം ഉപദേശിച്ചു തന്നു... വീട്ടിൽ ചെന്ന് അഞ്ചുലക്ഷം തവണ അത് ഉരുവിടാം...
അവൻ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി...


നാട്ടിൽ ആർക്കെങ്കിലും വിഷബാധയേറ്റിട്ടുണ്ടെന്ന് കേട്ടാൽ കൊച്ചുരാമൻ ഓടിയെത്തും -
ഈ വീട്ടിലെ ആൾക്കാണോ വിഷബാധ യേറ്റത്?
പക്ഷേ, നാട്ടിലുള്ളവർക്ക് അവന്റെ ചികിത്സയിൽ വലിയ വിശ്വാസമുണ്ടായിരുന്നില്ല.
കൊച്ചുരാമന്റെ ചികിത്സയൊക്കെ വെറും തട്ടിപ്പാണ്!
പഠിപ്പില്ലാത്ത അവന് ഇതേപ്പറ്റി വല്ലതും അറിയാമോ?
ക്രമേണ കൊച്ചുരാമന്റെ മന്ത്രവും ചികിത്സയും ഫലിക്കാൻ തുടങ്ങിയപ്പോൾ -
ചികിത്സ ഫലിക്കണമെങ്കിൽ കൊച്ചുരാമന്റെ അടുത്തുതന്നെ കൊണ്ടുപോകണം. കേമനാ...
പ്രസിദ്ധനായതോടെ കൊച്ചുരാമന്റെ ദാരിദ്ര്യം മാറി. അവൻ സമ്പന്നനായിത്തീർന്നു -
വൈദ്യരേ, ഈ പണം വാങ്ങിക്കൂ!
അങ്ങനെയിരിക്കുമ്പോഴാണ് കോഴിക്കോട് സാമൂതിരിക്ക് വിഷബാധയേറ്റത് -
ചികിത്സയൊന്നും ഫലം കാണുന്നില്ല. ഉടനെ മരണം സംഭവിക്കാനാ സാധ്യത!
നമുക്ക് കൊച്ചുരാമൻ വൈദ്യരെ വരുത്തിച്ചാലോ? ചിലപ്പോൾ രക്ഷപ്പെട്ടാലോ?


കൊച്ചുരാമൻവൈദ്യർ ഉടനെ കൊട്ടാരത്തിലെത്തി–
വേഗം കുറച്ച് കഞ്ഞിയുണ്ടാക്കൂ!
എന്തിനാണിപ്പോൾ കഞ്ഞി? തനിക്ക് കുടിക്കാനാണോ?
അല്ല! വിഷമിറങ്ങിയാൽ തമ്പുരാന് നല്ല വിശപ്പുണ്ടായിരിക്കും!
ഞങ്ങൾക്കാർക്കും രക്ഷിക്കാൻ പറ്റിയില്ല! പിന്നെയല്ലേ ഇയാൾക്ക്?
കൊച്ചുരാമൻ മന്ത്രം ചൊല്ലി തമ്പുരാന്റെ മുഖത്ത് വെള്ളം തളിച്ചപ്പോൾ തമ്പുരാൻ എഴുന്നേറ്റിരുന്നു–
എനിക്ക് അല്പം കഞ്ഞി കൊണ്ടുവരൂ!
ക്ഷീണമെല്ലാം മാറിയപ്പോൾ തമ്പുരാൻ ചോദിച്ചു–
ആരാണ് വിഷമിറക്കിയത്?


വിഡ്ഢി, കൂശ്മാണ്ഡം
തമ്പുരാന്റെ സേവകന്മാരിൽ ഒരാൾ മുന്നോട്ടുവന്നു–
കൊച്ചുരാമൻ വൈദ്യനാണ് തമ്പുരാനേ...
ശേഷം തമ്പുരാൻ കൊച്ചുരാമന് വീരശൃംഖലയും പതിനായിരം പവൻ പൊന്നും നല്കി അനുഗ്രഹിച്ചു–
എന്റെ എല്ലാ അനുഗ്രഹങ്ങളും നിനക്കുണ്ടാകും. നന്നായിവരൂ...
വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ വീട്ടിലേക്ക് പുറപ്പെടുമ്പോൾ കൊച്ചുരാമൻ തന്റെ ഗുരുവിനെ കണ്ടു–
ഗുരു ഉപദേശിച്ചുതന്ന മന്ത്രമാണ് എനിക്ക് ഈ ഭാഗ്യങ്ങളെല്ലാം നേടിത്തന്നത്!
ഞാൻ ഉപദേശിച്ചുതന്ന മന്ത്രമോ? ഏത് മന്ത്രം?
കൊച്ചുരാമൻ ഗുരുവിന്റെ ചെവിയിൽ രഹസ്യമായി പറഞ്ഞു–
വിഡ്ഢി കൂശ്മാണ്ഡം എന്ന മന്ത്രം!
അതുകേട്ട് അത്ഭുതപ്പെട്ട ഗുരുവിന് മനസ്സിലായി–
ശരിയായ ഗുരുത്വവും ഭക്തിയും വിശ്വാസവുമുണ്ടെങ്കിൽ എല്ലാ സിദ്ധിയും ഐശ്വര്യവും നേടാമെന്ന് നീ തെളിയിച്ചു!
NANDAKUMAR



MAGZTER


# കൈപ്പുഴത്തമ്പാൻ

സ്ക്രിപ്റ്റ്: പ്രവീണ
വര: ബിജു പി. ആർ.




നല്ല ചൂടുള്ള ഉച്ചനേരമായിരുന്നു അത്–
വെയിലിന്റെ ചൂടല്പം കുറഞ്ഞിട്ട് ഞാനെന്തെങ്കിലും വിദ്യ കാട്ടാം!
ഉഷ്ണം കലശലായിരിക്കുന്നു തമ്പാനേ...
തമ്പാൻ ആളൊരു ജ്യോത്സ്യനല്ലേ? എനിക്കൊരു സംശയം തീർക്കാനുണ്ട്
ചോദിച്ചാലും!
ഈയിടയെങ്ങാനും മഴയ്ക്ക് യോഗമുണ്ടോ?
തീർച്ചയായും ഇന്നൊരു മഴ പെയ്തിരിക്കും!
തമ്പാന്റെ മറുപടി കേട്ട് സ്വാതിതിരുനാൾ മഹാരാജാവ് പൊട്ടിച്ചിരിച്ചു–
ഹ!ഹ! അബദ്ധം പറയാതിരിക്കൂ തമ്പാനേ. ഇന്ന് മഴപെയ്യാനുള്ള ഒരു ലക്ഷണവും കാണാനില്ല!
മഴയ്ക്ക് ലക്ഷണമൊന്നും വേണ്ട തമ്പുരാനേ. അതിന് പെയ്യാൻതോന്നിയാൽ അതിങ്ങ് വന്നോളും!


ഇക്കാര്യം പറഞ്ഞ് അവർ
ഇരുവരും തമ്മിൽ തർക്കമായി–
മഴ
പെയ്യുമെന്ന്
തറപ്പിച്ചുപറയാൻ
തമ്പാൻ ദേവന്മാരെ
ക്കാൾ ജ്ഞാനി
യാണോ?
അങ്ങയോട്
തർക്കിക്കാൻ അടിയൻ
ആളല്ല. പക്ഷേ, ഇന്ന് മഴ
പെയ്യുമെന്ന് അടിയന്
ഉറപ്പുണ്ട്!
ഇന്ന് മഴപെയ്താൽ
തമ്പാന് തക്കതായ സമ്മാനം
തരാൻ ഞാൻ
ഉറപ്പിച്ചിട്ടുണ്ട്!
ശരി
തമ്പുരാനേ!
ഇതിനിടെ ആകാശം മഴക്കാറുകൊണ്ട്
നിറഞ്ഞു. ഇടിമുഴങ്ങിത്തുടങ്ങി–
ങേ,
ഇടിമുഴക്കം!
സ്വാതിതിരുനാൾ മഹാരാജാവിന് അദ്ഭുതം തോന്നി–
തമ്പാൻ
പറഞ്ഞതുപോലെ
മഴ വരുന്നുണ്ടല്ലോ.
നമുക്ക് വരാന്തയിലി
രുന്ന് അല്പം കാറ്റു
കൊള്ളാം!
കല്പന
പോലെ!


അവർ വരാന്തയിലെത്തിയതും മഴ കോരിച്ചൊരിയാൻതുടങ്ങി–
ഹൊ, കനത്ത മഴതന്നെ!
തമ്പുരാന്റെ മാളികവളപ്പിൽ വെള്ളം ഉയർന്നു–
മഴ തോർന്നില്ലെങ്കിൽ നമ്മുടെ മാളിക മുങ്ങിയതു തന്നെ!
പത്മതീർഥം നിറഞ്ഞുകവിഞ്ഞു. പത്മനാഭസ്വാമിക്ഷേത്രത്തിന്റെ മതിൽക്കകവും അടുത്തുള്ള വീടുകളും വെള്ളത്തിൽ മുങ്ങി–
തമ്പാനേ, ഈ മഴ ശമിക്കാൻ എന്താണൊരു പോംവഴി!
എല്ലാം സാക്ഷാൽ പത്മനാഭൻ തീർപ്പാക്കിക്കോളും പ്രഭോ!
മഴ കൂടുതൽ കനത്തു. തമ്പുരാന്റെ മാളിക വരാന്തയിലും വെള്ളം കയറി–
എനിക്ക് വല്ലാത്ത പരിഭ്രമം തോന്നുന്നു!


തമ്പാനേ
മഴ കനത്താൽ
നമ്മുടെ മാളികയും
വെള്ളത്തിൽ മുങ്ങിയ
തുതന്നെ!
പരിഭ്രമി
ക്കാതിരിക്കൂ
പ്രഭോ!
സ്വാതിതിരുനാൾ പത്മനാഭസ്വാമിയെ സ്മരിച്ചു–
ഭഗവാനേ,
ആപത്തുകൾ
അകറ്റേണമേ!
നിമിഷനേരംകൊണ്ട് മാളികയിൽ
മുട്ടോളം വെള്ളമുയർന്നു–
ഹൊ ദേ
നോക്കൂ!
അപ്പോൾ വടക്കുഭാഗത്തുനിന്ന് ഒരു
കെട്ടുവള്ളം വരുന്നത് അവർ കണ്ടു–
അതാ ഒരു
വള്ളം!





Printed and Published by P.V. Chandran for The Mathrubhumi Printing & Publishing Company Limited, Kozhikode at The Mathrubhumi M.M. Press, Cherootty Road, Kozhikode-673001. Managing Editor: P.V.Chandran. Executive Editor-Periodicals & Digital: O.R. Ramachandran (Responsible for selection of contents under PRB Act).

RNI NO. KERMAL/2014/55395 Registered No: KL/CT/218/2018-20 MATHRUBHUMI CHITHRAKATHA
01/02/2020 Price: ₹15

